## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3858. 27.06. 2012-ൽ മറുപടിയ്ക്ക്**

## മാനസികാരോഗ്യ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ.ജയരാജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ കൊണ്ടുവന്ന മാനസികാരോഗ്യ നിയമം സംസ്ഥാനത്ത് നടപ്പിലായി തുടങ്ങിയോ; പ്രസ്തുത നിയമത്തിന്റെ സാരാംശം എന്താണ്; വ്യക്തമാക്കുമോ; | (എ) | നടപ്പിലാക്കി തുടങ്ങി.<br>സംസ്ഥാന മാനസികാരോഗ്യ നിയമം 1990 എന്ന പേരിൽ മെന്റൽ ഹെൽത്ത് ആക്ട് 1987 നെ അടിസ്ഥാനപ്പെടുത്തി എല്ലാ സംസ്ഥാനങ്ങൾക്കും വേണ്ടി പൊതുവായ ഒരു മാനസികാരോഗ്യ നിയമം കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br>ആറ് അദ്ധ്യായങ്ങളിലായി 28 വകുപ്പുകളാണ് ഈ നിയമത്തിൽ ഉള്ളത്. ഒന്നാം അദ്ധ്യായത്തിൽ ഈ റൂളിലെ പ്രസക്തമായ പദങ്ങളെ നിർവ്വചിച്ചിരിക്കുന്നു. രണ്ടാം അദ്ധ്യായത്തിൽ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഘടനയെ കുറിച്ചും മൂന്നാം അദ്ധ്യായത്തിൽ ടി അതോറിറ്റിയുടെ ഉത്തരവാദിത്വങ്ങളെയും പ്രവർത്തനരീതികളെ കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ സ്വകാര്യ മാനസികാരോഗ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്റെ വിശദാംശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സ്വകാര്യ മാനസികാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് അഞ്ചാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ആറാം അദ്ധ്യായത്തിൽ മനോരോഗികളെ മനോരോഗ |

| | | | |
|---|---|---|---|
| | | | ചികിത്സാ കേന്ദ്രങ്ങളിൽ കോടതി ഉത്തരവ് പ്രകാരം പ്രവേശിപ്പിക്കുന്നതിന് വേണ്ടിയുള്ള രീതികളെ കുറിച്ചും ഓരോ കേന്ദ്രങ്ങളിലും മെന്റൽ ഹെൽത്ത് ആക്ട് 1987 പ്രകാരം നിയമിക്കേണ്ട ബോർഡ് ഓഫ് വിസിറ്റേഴ്സ് മെമ്പർമാരുടെ യോഗ്യതകളെ കുറിച്ചും ടി കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിരിക്കുന്ന രോഗികളുടെ മനുഷ്യാവകാശ പരിരക്ഷയ്ക്കുള്ള വ്യവസ്ഥകളെ കുറിച്ചും സൂചിപ്പിച്ചിരിക്കുന്നു.<br>ടി റൂളിലെ പല വ്യവസ്ഥകളും നടപ്പിലാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ''കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2005'' രൂപീകരിക്കുകയും ഇതിന് 2012 ഏപ്രിൽ മാസത്തിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി റൂൾസ് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ; എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | സ്വകാര്യ മാനസികാരോഗ്യ സ്ഥാപനങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് 1987 പ്രകാരമുള്ള ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ള 111 സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ പരിശോധന പൂർത്തിയായി. നാല് സ്ഥാപനങ്ങൾക്ക് മാത്രമാണ് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ തുടങ്ങിയ മനോരോഗ ചികിത്സകരുടെയും, നേഴ്സ്, അറ്റൻഡർ തുടങ്ങിയ മറ്റു ഇതര വിഭാഗങ്ങളുടെ അപര്യാപ്തതയും മറ്റ് അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടെ അഭാവവുമാണ് കൂടുതലായി കണ്ടു വരുന്നത്. ന്യൂനതകൾ പരിഹരിക്കുന്നതിനായി 3 മാസം സമയം അനുവദിച്ചതിനെ തുടർന്ന് 12 സ്ഥാപനങ്ങൾ കൂടി ലൈസൻസിന് അർഹരായിട്ടുണ്ട്. ഇനിയും ന്യൂനതകൾ പരിഹരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ഇതിലേക്കായി ആറ് മാസം കൂടി സമയം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ നിയന്ത്രിത മാനസികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണത്തിലുള്ള കുറവുമൂലമാണോ അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പ്രേരകമാകുന്നത്; വ്യക്തമാക്കുമോ; | (സി) | സർക്കാർ നിയന്ത്രിത മാനസികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണത്തിലും സൗകര്യങ്ങളിലും ഉള്ള കുറവ് ഒരു ചെറിയ കാരണം മാത്രമാണ്. രോഗവിമുക്തരായ മനോരോഗികൾക്ക് വേണ്ടിയുള്ള പുനരധിവാസ കേന്ദ്രങ്ങളുടെ കുറവാണ് ഒരു പ്രധാനകാരണം. മനോരോഗ ചികിത്സാ കേന്ദ്രങ്ങളുടെ നടത്തിപ്പിലൂടെയുള്ള സാമ്പത്തികലാഭവും അനധികൃത മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. |
| (ഡി) | സംസ്ഥാനത്ത് ജില്ലാ താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് എല്ലാ ജില്ലാ ആശുപത്രികളിലും 12 താലൂക്ക് ആശുപത്രികളിലും മനോരോഗ ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ